**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **4408**

21.03.2018 ൽ
മറുപടിയ്ക്ക്

## പോലീസ് പിക്കറ്റിനായുള്ള സാധനസാമഗ്രികളുടെ സൂക്ഷിപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസ് ഉപയോഗിക്കുന്ന ലാത്തി, ഷീൽഡ്, ചൂരൽ, ബാരിക്കേഡുകൾ, ടെന്റ് കെട്ടുവാൻ ഉപയോഗിക്കുന്ന പോൾ, ക്യാമറ തുടങ്ങിയ സാധനങ്ങൾ സർക്കാർ വിവിധ യൂണിറ്റുകൾക്ക് വിതരണം ചെയ്യാറുണ്ടോ;<br>(ബി) പ്രസ്തുത സാധനങ്ങൾ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമാണോ വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും സ്റ്റോർ പർച്ചേർസ് മാന്വലിന് വിധേയമായി ഇവ വാങ്ങി യൂണിറ്റുകൾക്ക് വിതരണം ചെയ്യാറുണ്ട്. |
| (സി) കലാപ പ്രദേശങ്ങളിലും മറ്റും പിക്കറ്റ് ഇടേണ്ട സന്ദർഭങ്ങളിൽ ഡ്യൂട്ടിയിലെ പോലീസുകാർ വിശ്രമിക്കുന്നതിനായി ടെന്റ് കെട്ടാറുണ്ടോ; ടെന്റ് കെട്ടുന്നതിനായി ഇരുമ്പ് പൈപ്പാണോ, മുളയാണോ പോളായി ഉപയോഗിക്കുന്നത് എന്നും ഒരു ടെന്റ് കെട്ടുന്നതിന് മിനിമം എത്ര പോളാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ; | (സി) ടെന്റ് കെട്ടാറുണ്ട്. ടെന്റ് കെട്ടുന്നതിന് പോളായി മുളയാണ് സാധാരണ ഉപയോഗിക്കുന്നത്.<br>ഉപയോഗക്രമം താഴെ കൊടുക്കുന്നു.<br><br>180 LBS ടെന്റിന് 3 പോൾ, 2 റിഡ്ജ്<br><br>80 LBS ടെന്റിന് 2 പോൾ, ഒരു റിഡ്ജ്<br><br>40 LBS ടെന്റിന് 2 പോൾ, ഒരു റിഡ്ജ്<br><br>360 LBS ടെന്റ് 2 തരമുണ്ട്.<br><br>1) 360 LBS 2 പോൾ, 1 റിഡ്ജ്<br><br>2) 360 LBS സിംഗിൾ പോൾ |

| | | | |
|---|---|---|---|
| (ഡി) | വില കൊടുത്ത് വാങ്ങുന്ന ഇത്തരം സാധനങ്ങൾ ആവശ്യം കഴിഞ്ഞ് ഉപേക്ഷിച്ച് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സാധനങ്ങൾ ഉപയോഗം കഴിഞ്ഞ് ശേഷം എടുത്ത സ്ഥലത്ത് തിരികെ എത്തിക്കേണ്ട ചുമതല ആരിലാണ് നിക്ഷിപ്ത-മെന്ന് വ്യക്തമാക്കാമോ; | (ഡി) | ഇല്ല. സാധന സാമഗ്രികൾ സ്റ്റോറിൽ നിന്നും ഒപ്പിട്ട് കൈപ്പറ്റുന്ന ഉദ്യോഗസ്ഥനാണ് ഉപയോഗത്തിനു-ശേഷം അവ തിരികെ എത്തിക്കേണ്ട ചുമതലയുള്ളത്. |
| (ഇ) | പോലീസ് പിക്കറ്റിൽ ഉപയോഗി-ക്കാനായി കൊണ്ടുവന്ന സാധനങ്ങൾ ഏതെങ്കിലും വിധത്തിൽ കാണാതാവുകയോ നശിക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ പിക്കറ്റ് ഡ്യൂട്ടിയുടെ ചുമതലക്കാരോട് ബന്ധപ്പെട്ട അധികാരികൾ വിശദീകരണം ആവശ്യപ്പെടാറുണ്ടോ; | (ഇ) യും (എഫ്) ഉം | ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടുകയും നിയമപരമായ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. ഇത്തരം സാധനങ്ങൾ നഷ്ടപ്പെട്ടാൽ അതിന്റെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. |
| (എഫ്) | പിക്കറ്റ് പിൻവലിക്കുന്ന ദിവസം ചുമതലക്കാരായ ഉദ്യോഗസ്ഥർ സാധനങ്ങൾ തിരികെ കൊണ്ടുപോകാതിരിക്കുകയും ഉത്തരവാദിത്തപ്പെട്ടവരെ ഏൽപ്പിക്കാതെ ആയത് പൊതുസ്ഥലത്തോ സ്വകാര്യ വ്യക്തിയുടെ സ്ഥലത്തോ ഉപേക്ഷിച്ച് പോകുന്ന സന്ദർഭ-ത്തിൽ ഇത്തരം വസ്തുക്കൾ മോഷണം പോവുകയോ മറ്റേ-തെങ്കിലും തരത്തിൽ നഷ്ട-പ്പെടുകയോ ചെയ്താൽ ഇതിന്റെ ബാധ്യത ആർക്കാണ് വരുന്നത് എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ